# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 3316

21-12-2012-ൽ മറുപടിക്ക്

## കെട്ടിട നികുതിയും കെട്ടിട നിർമ്മാണവും

ചോദ്യം
ശ്രീ.എം. പി. വിൻസെന്റ്

ഉത്തരം
ശ്രീ. മഞ്ഞളാംകുഴി അലി
(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി)

(എ) നഗരങ്ങളിൽ കെട്ടിട നികുതി പരിഷ്കരിക്കുമ്പോൾ പഴയ കെട്ടിടങ്ങൾക്ക് ഇളവ് അനുവദിക്കുമോ ;

(എ) 2011-ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവനനികുതിയും സർചാർജ്ജും) ചട്ടങ്ങളനുസരിച്ച് കെട്ടിട നികുതി പരിഷ്കരിക്കുമ്പോൾ കാലപ്പഴക്കത്തിന്റെ അടിസ്ഥാനത്തിൽ കെട്ടിടങ്ങൾക്ക് നികുതി ഇളവ് നൽകുന്നതിലേക്ക് ചട്ടം 6-ന് കീഴിലുള്ള 5-ാം പട്ടിക പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്. 10 വർഷം വരെയുള്ള പഴക്കത്തിന് 10 ശതമാനം, 25 വർഷം വരെയുള്ള പഴക്കത്തിന് 20 ശതമാനം, 50 വർഷം പഴക്കത്തിന് 50 ശതമാനം എന്ന തോതിലാണ് ഇളവ്. എന്നാൽ 5 വർഷത്തിലൊരിക്കൽ നികുതി പുതുക്കി നിശ്ചയിക്കുമ്പോൾ ഇത്തരം ഇളവുകളും വർദ്ധനവുകളും ബാധകമാകില്ല.

(ബി) നഗരങ്ങളിലെ നിർമ്മാണത്തിലുള്ള കെട്ടിടങ്ങളുടെ ചുറ്റും മുറ്റം സിമന്റിട്ട് മഴവെള്ളം താഴ്ന്നു പോകുന്നതു തടയുന്ന പ്രവണത നിരുത്സാഹപ്പെടുത്തുമോ; വിശദമാക്കുമോ; ഇതിനായി നടപടി സ്വീകരിക്കുമോ;

(ബി) പ്ലോട്ടിൽ തന്നെ മഴവെള്ളം താഴ്ന്നുപോകാൻ അനുവദിക്കുന്നതിനായി ആവശ്യമുള്ളത്ര സ്ഥലം തറപാകാതെ സൂക്ഷിക്കുകയോ, അല്ലെങ്കിൽ അവിടെ മതിയായ സുഷിരങ്ങൾ ഉണ്ടായിരിക്കുകയോ ചെയ്യേണ്ടതും, ഒരു പ്ലോട്ടിൽ നിന്നുള്ള മഴവെള്ളം പൊതു ഡ്രെയിനേജ് സംവിധാനവുമായി ബന്ധിപ്പിക്കുന്നത്, അവിടത്തെ മണ്ണ്, വെള്ളം താഴ്ന്നുപോകാൻ പര്യാപ്തമല്ലാതാകുന്ന

| | |
|---|---|
| | സാഹചര്യത്തിൽ മാത്രമായിരിക്കണമെന്നും കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 24 (7) ൽ പ്രതിപാദിക്കുന്നുണ്ട്. |
| (സി) ഫ്ളാറ്റുകളുടെ നിർമ്മാണത്തിന് ലൈസൻസ് നൽകുമ്പോൾ അവയ്ക്കു ചുറ്റും വൃക്ഷങ്ങൾ വച്ചു പിടിപ്പിക്കണമെന്ന് നിഷ്കർഷിക്കുമോ ? | (സി) മരം നടുന്നതിനെ പറ്റിയും, മഴവെള്ളം സംഭരിക്കുന്നതിനെ പറ്റിയും ബോധവൽക്കരണ പരിപാടികൾ നടക്കുന്നുണ്ട്. അടിസ്ഥാന സൗകര്യത്തിന്റെ ലഭ്യത അനുസരിച്ച് ചെയ്യേണ്ട കാര്യങ്ങളാണിത്. |

സെക്ഷൻ ഓഫീസർ